(ഇ) 1-6-2011 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ 63 കുഞ്ഞുങ്ങൾ മരണപ്പെടുകയുണ്ടായി. പോഷണക്കുറവ്, ജനിതക വൈകല്യം, മാസം തികയാതെയുള്ള പ്രസവം, ന്യൂമോണിയ, ശ്വാസതടസ്സം, ഹൃദയ സംബന്ധമായ വൈകല്യങ്ങളും അസുഖങ്ങളും തുടങ്ങിയവയാണ് മരണകാരണങ്ങൾ.

മിഷൻ 676-പട്ടിക വിഭാഗത്തിന് ഭവന പദ്ധതി

268 (3929) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണമായ ഭവനപദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

(സി) എത്രപേർക്ക് വീട് നൽകാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനു മിഷൻ 676-ൽ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) സ്വന്തമായി പാർപ്പിട സൗകര്യം ഇല്ലാത്ത കൈവശഭൂമിയുള്ള മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭവനനിർമ്മാണധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പട്ടികവർഗ്ഗ ഊരുകൂട്ട പ്രകാരമുള്ള ലിസ്റ്റിലെ ഭവനരഹിതരുടെ എണ്ണം കണക്കാക്കി മുഴുവൻ ഭവന രഹിതർക്കും ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(ഡി) സ്വന്തമായി ഭൂമി കൈവശമുള്ള ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ കണക്കെടുത്ത് സ്പെഷ്യൽ ഊരുക്കൂട്ടം വിളിച്ചുചേർത്ത് അതിന്റെ അംഗീകാരത്തോടുകൂടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും ഗ്രാമ/ബ്ലോക്കു പഞ്ചായത്തു ആഫീസുകളിലും മറ്റും ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അതിന്മേൽ ആക്ഷേപവും, അഭിപ്രായവും കേട്ടു, ടി ലിസ്റ്റ് പുനഃപരിശോധിച്ച് ആക്ഷേപ രഹിതമായി ഭവനരഹിതരായുള്ള പട്ടികവർഗ്ഗക്കാരുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly